**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1776** **08-10-2021 - ൽ മറുപടിയ്ക്ക്**

**ഇരിക്കൂർ മണ്ഡലത്തിലെ ബസ് സർവ്വീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് നിയന്ത്രണങ്ങൾ മൂലം യാത്രക്കാർ കുറവായതിനാൽ ഇരിക്കൂർ മണ്ഡലത്തിൽ സർവീസ് നിർത്തലാക്കിയ ബസ്സുകൾ നിയന്ത്രണങ്ങളിൽ ഇളവ് വരുത്തിയ സാഹചര്യത്തിൽ പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (എ) | കോവിഡ് നിയന്ത്രണങ്ങൾ അവസാനിക്കുന്ന മുറയ്ക്ക് യാത്രക്കാരുടെ തിരക്കും ആവശ്യകതയുമനുസരിച്ച് സർവ്വീസുകൾ പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരി ക്കുന്നതാണ്. |
| (ബി) | സ്കൂളുകൾ തുറന്നു പ്രവർത്തിക്കാൻ തീരുമാനിച്ചതിനാൽ വിദ്യാർത്ഥികൾക്ക് മാത്രമായി യാത്ര ചെയ്യുന്നതിന് ബസ്സ്സർവ്വീസ് നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) | നവംബർ മാസം മുതൽ സ്കൂൾ തുറക്കുവാൻ നിശ്ചയിച്ച സാഹചര്യത്തിൽ വിദ്യാർത്ഥികൾക്ക് നിലവിൽ തുടർന്നു വരുന്ന രീതിയിൽ കൺസഷൻ നിരക്കിൽ യാതൊരു വ്യത്യാസവും വരുത്താതെ ഓപ്പറേറ്റ് ചെയ്തു വരുന്ന ഓർഡിനറി ബസ്സുകളിൽ ക്രമപ്രകാരം യാത്രാസൗകര്യം നൽകുന്നതിന് ക്രമീകരണം ചെയ്തിട്ടുണ്ട്. എന്നാൽ പ്രത്യേക ബസ് ആവശ്യപ്പെടുന്ന സ്കൂളുകൾക്ക് ബസ് ഓൺ ഡിമാൻറ് (BOND) പദ്ധതിയിൽ കുട്ടികൾക്ക് മാത്രമായി പ്രത്യേകമായി ബസ് നൽകുന്നതിന് പദ്ധതി തത്വത്തിൽ ധാരണയായിട്ടുണ്ട്. ഇത് നിലവിൽ സർക്കാർ ജീവനക്കാർക്കും പൊതുജനങ്ങൾക്കുമുള്ള യാത്രാസൗകര്യത്തിനായി ഏർപ്പെടുത്തിയ ബസ് ഓൺ ഡിമാൻറ് (BOND) സർവ്വീസിന്റെ മാതൃകയിലാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഓരോ സ്കൂളുകളുടേയും ആവശ്യകതയനുസരിച്ച് ബസ്സുകളുടെ എണ്ണം, ട്രിപ്പുകളുടെ എണ്ണം, ട്രിപ്പുകളുടെ ദൂരം എന്നിവ പ്രത്യേക നിരക്ക് നിശ്ചയിച്ച് സ്കൂളുകൾ ആവശ്യപ്പെടുന്ന മുറയ്ക്ക് ഇത്തരത്തിൽ കുട്ടികൾക്ക് മാത്രമായ പ്രത്യേകം ബസ്സുകൾ സ്കൂളുകൾക്ക് പ്രത്യേക ബസ് നിരക്ക് നിശ്ചയിച്ച് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ